# INDIAN SCHOOL SOHAR

No. of printed pages : 5

**PERIODIC TEST : II (2024-2025)**

**MALAYALAM (012)**

**CLASS : X** | **MAX. MARK : 80**

**DATE : 26/09/2024** | **TIME 3 HOURS**

---

## General Instructions

**Section A** : Reading Comprehension (VSAQ)

: Vocabulary Building & prose & poetry. (M.C. Q.} : 40 Marks

**Section B** : Grammar, Composition

: Literature (Prose, Poetry & Supplementary) : 40 Marks

---

### എ വിഭാഗം / SECTION - A

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും ഒരു മാർക്ക് വീതം**

ഒരു സംഭവം നടന്നതായി വിവരിയ്ക്കുകയാണല്ലോ കഥയുടെ സ്വരൂപം. സംഭവങ്ങളിൽ പ്രധാനമായ ഒരു സംഗതിയും അതിനോടു ചേർന്ന പല സംഗതികളും ഉണ്ടായിരിക്കും. പ്രധാനസംഗതിയ്ക്ക് കഥയുടെ മർമ്മം എന്നു പേരു പറയാം. കാളിദാസ ശാകുന്തളം നോക്കുക. അതിൽ ശകുന്തളയുടെ മോതിരം കളഞ്ഞുപോയ സംഗതിയാണ് മർമ്മം. പ്രകൃതിശാസ്ത്രത്തിൽ 'ഗുരുത്വകേന്ദ്രം' എന്നുപറയുന്ന ബിന്ദുവിന്റെ സ്ഥാനമാണ് കഥയിൽ മർമ്മത്തിനുള്ളത്. മറ്റു സംഗതികളെല്ലാം ആ ഒരു സംഗതിയെ ആശ്രയിച്ചു നിൽക്കുന്നു. കഥയ്ക്ക് നാമകരണം ചെയ്യുന്നതിൽ പലപ്പോഴും മർമ്മം ഉപകരിക്കും. കാളിദാസന്റെ 'അഭിജ്ഞാനശാകുന്തളം' നോക്കുക. ശകുന്തളയുടെ മോതിരം കളഞ്ഞ കഥയാണല്ലോ അത് കഥകളിൽ ആവശ്യം പോലെ അവതാരിക ചേർക്കാം. ഏതു കാലത്തും ഏതു സ്ഥലത്തും ഏത് ആളുകളെപ്പറ്റിയും ആണ് കഥയെന്ന് വായനക്കാരെ ഗ്രഹിപ്പിക്കുക എന്നതാണ് ഇതിന്റെ ഉപയോഗം. ചരിത്രകഥകളിലും പുരാണകഥകളിലും അവതാരികയ്ക്ക് ആവശ്യം കാണും. ആഖ്യായികകളും നാടകങ്ങളും മറ്റും അവതാരിക കൂടാതെ ഇടയ്ക്കുവെച്ചു തുടങ്ങുന്നതു നന്നായിരിക്കും. അങ്ങനെ ചെയ്താൽ അനുഭവരസത്തിനു ബലംകൂടും. കഥയിലെ സംഗതികൾ നടന്നുകൊണ്ടിരിക്കെത്തന്നെ വായനക്കാരെ കൂട്ടിക്കൊണ്ടുചെന്നു കാണിക്കുക എന്ന ഭാവത്തിലാണ് ഇങ്ങനെ കഥയുടെ മധ്യത്തിലാരംഭിക്കുന്നത്. ഇത്തരം ഗ്രന്ഥങ്ങളിലുള്ള കഥയ്ക്ക് ഇതിവൃത്തം എന്നു പേരുപറയുന്നു. പുരാണങ്ങളിലെ ഉപകഥകളും നീതികഥകളും പോലെ നാടകങ്ങളിലെ ഇതിവൃത്തം ലഘുവായിരിക്കുകയില്ല. ഇതിവൃത്തം വാസ്തവവും കൽപ്പിതവുമാകാം. ചരിത്രം, ജീവചരിത്രം, പുരാണം എന്നിവകളിൽ നിന്നെടുക്കുന്ന കഥകൾ വാസ്തവത്തിൽ നടന്നകഥകളാണല്ലോ. ഇന്ദുലേഖ പോലെയുള്ള കൃതികളിലെ ഇതിവൃത്തം കഥാകൃത്തുക്കൾ കെട്ടിച്ചമച്ചതും. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നോക്കുക. മോതിരത്തിന്റെ സംഗതിതന്നെ പുരാണത്തിലില്ല. എന്നാൽ നാടകത്തിന്റെ സ്വാരസ്യമെല്ലാം മോതിരത്തിന്റെ കഥയിലാണു താനും. സാധാരണ കഥകൾ കഥിക്കുന്നതിന്റെ ക്രമം അതാതു സംഗതികൾ നടന്ന കാലത്തിനനുസരിച്ചാണ് കാലത്തിന്റെ ക്രമംപിടിച്ചു കഥ പറയുന്നതിന് വളരെ സൗകര്യവും ഉണ്ട്. എന്നാൽ അനുഭവരസത്തെ പ്രധാനമായി കാണുന്ന ആഖ്യായികാകാരന്മാർ കാലക്രമം പലപ്പോഴും തെറ്റിക്കും. ആദ്യം മുതൽ അസവാനം വരെ വായനക്കാരന് കൗതുകം ക്ഷയിച്ചുപോകാതെ നിലനിർത്താൻ വേണ്ടി ചെയ്യുന്ന ഒരുപായമാണിത്. കഥയുടെ മർമ്മം അവസാനത്തിലേ വെളിപ്പെടാവൂ. അല്ലെങ്കിൽ ജിജ്ഞാസ നശിച്ചുപോകും. ഗ്രന്ഥകാരൻ കഥയുടെ പരിണാമത്തെ വെളിപ്പെടുത്താതെ കൗശലത്തിൽ നീക്കി നീക്കി കൊണ്ടുപോകുന്തോറും വായനക്കാരന് പരിണാമം എന്തെന്നറിയാനുള്ള പരിഭ്രമം അസഹ്യമായിത്തീരുന്നു. ഇങ്ങനെ അവസാനം വരെ ജിജ്ഞാസ ശമിപ്പിക്കാതെ സൂക്ഷിക്കുന്ന കഥാഗുണത്തിന് പരിണാമഗുപ്തി എന്നുപേർ.

**ചോദ്യങ്ങൾ** (8 x 1 = 8 Marks)

1. (a) വായനക്കാരന്റെ ജിജ്ഞാസയെ നിലനിർത്തുന്ന കഥാഗുണത്തിന്റെപേരെന്ത്?

1. (b) അറിയാനുള്ള ആഗ്രഹം ഈ അർത്ഥത്തിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദമേത്?

1. (c) പ്രകൃതിശാസ്ത്രത്തിലെ എന്തിന്റെ സ്ഥാനമാണ് കഥയിൽ മർമ്മത്തിനുള്ളത്?

1. (d) കഥ ഏത് സ്ഥലത്തും ഏത് ആളുകളെപ്പറ്റിയുമാണെന്ന് വായനക്കാരെ ഗ്രഹിപ്പിക്കുന്നതെന്താണ്?

1. (e) കാളിദാസന്റെ കൃതിക്ക് അഭിജ്ഞാന ശാകുന്തളം എന്ന പേര് നല്കിയതിന്റെ പിന്നിലെ സംഭവം എന്താണ്?

1. (f) ഇതി വൃത്തം ലഘുവല്ലാതിരിക്കുന്നത് എവിടെ?

1. (g) കഥയിലെ പ്രധാന സംഗതിക്ക് പറയുന്ന പേരെന്ത്?

1. (h) അഭിജ്ഞാന ശാകുന്തളത്തിലെ മേതിരത്തിന്റെ ഇതിവൃത്തം എങ്ങനെയുള്ളതാണ്?

**2. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം)** (7 x 1 = 7 Marks)

ദുഃഖം അഥവാ തിന്മ ഹൈന്ദവചിന്തയുടെ നിത്യ പ്രമേയമാണ്. വാസ്തവത്തിൽ ഹൈന്ദവചിന്തയുടെ വ്യതിരിക്തതയ്ക്കു തന്നെ നിദാനം ദുഃഖാനുഭൂതിയാണ്. പ്രപഞ്ചം മനുഷ്യനിലുളവാക്കുന്ന അത്ഭുത വികാരങ്ങളാണ് പാശ്ചാത്യചിന്തയ്ക്ക് ആരംഭം കുറിച്ചത്. എന്നാൽ ഭാരതീയരുടെ സത്യാന്വേഷണം തുടങ്ങുന്നത് ദുഃഖം എന്ന പ്രതിഭാസത്തിലാണ്. അക്കാരണത്താൽ തന്നെ ഭാരതീയ ചിന്ത കൂടുതൽ ആത്മോന്മുഖമാവുകയും ചെയ്തു. സംസാര ദുഃഖത്തിൽ നിന്ന് എങ്ങനെ മുക്തി നേടാം എന്ന പ്രശ്നമാണ് ഭാരതീയ ദർശനങ്ങളുടെയെല്ലാം പശ്ചാത്തലം. തിന്മയുടെ മൂർത്തിമദ്ഭാവമായി വേദമഹർഷിമാർ വ്രതാസുരനെ ചിത്രീകരിച്ചു. പക്ഷേ തിന്മക്കെതിരെയുള്ള സമരത്തിൽ തികഞ്ഞ ശുഭാപ്തി വിശ്വാസമാണ് അവർ പ്രദർശിപ്പിച്ചത്. യജ്ഞം, തപസ്സ്, പ്രതിഭ എന്നീ ക്രിയാശക്തികളിലൂടെ തിന്മയെ ജയിക്കാമെന്നവർ ആത്മാർത്ഥമായി വിശ്വസിച്ചു. ഉപനിഷത്തുകളാകട്ടെ തിന്മയെ അസ്തമൃത്യു, അജ്ഞാനം എന്നീ സങ്കേതങ്ങളിൽ സമാഹരിച്ചു. വേദാന്ത വ്യാഖ്യാതാക്കൾ സാംസാരമോക്ഷത്തിനായി വ്യത്യസ്തങ്ങളായ സാധനകളെ നിർദ്ദേശിച്ചു. പ്രപഞ്ചമത്രയും മിഥ്യയാണെന്ന്വാദിച്ച ശങ്കരാചാര്യരുടെ വീക്ഷണത്തിൽ ജ്ഞാനയോഗമാണ് ആത്യന്തികമായ മോക്ഷസാധന. വിശിഷ്ടാദ്വൈതത്തിന്റെ പ്രണേതാവായ രാമാനുജനും ദ്വൈതവാദിയായ മധ്വാചാര്യനും ജീവിതത്തെയും മരണത്തെയും പരാജയത്തെയും മറ്റിതുപോലുള്ള എല്ലാ ദ്വന്ദ്വാനുഭവത്തിന്റെ മുഖമുദ്ര എന്നു വിശ്വസിച്ചിരുന്നു.

**ചോദ്യങ്ങൾ**

2. (a) ഹൈന്ദവചിന്തയുടെ വ്യതിരിക്തതയ്ക്ക് നിദാനമേത്?

2. (b) ഹൈന്ദവചിന്തയുടെ നിത്യപ്രമേയമെന്ത്?

2. (c) വിശിഷ്ടാദ്വൈതത്തിന്റെ പ്രണേതാവ് ആര്?

2. (d) കാരണം എന്ന അർത്ഥത്തിൽ ഇവിടെ ഉപയോഗിച്ച പദമേത്?

2. (e) ഉപനിഷത്തുകൾ തിന്മയെ സമാഹരിച്ചതെന്നിലാണ്?

2. (f) ശങ്കരാചാര്യരുടെ അഭിപ്രായത്തിൽ ആത്യന്തികമായ മോക്ഷസാധന എന്ത്?

2. (g) തിന്മയ്ക്കെതിരെയുള്ള സമരത്തിൽ തികഞ്ഞ ശുഭാപ്തി വിശ്വാസമുള്ളതാർക്ക്?

**3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.**

3 (a) അഹി - എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ്? (7 x 1 = 7 Marks)

a. നാഗം - കാലം b. ഇരുട്ട് - പാമ്പ് c. പന്നഗം - നാഗം d. പാമ്പ് - സ്വർഗം

3 (b) ഭവാൻ - എന്ന പദത്തിന്റെ എതിർലിംഗം ഏത്?

a. ഭഗവതി b. ഭവാനി c. ഭവാനിനി d. ഭവതി

3 (c) പരിണാമം ഈ പദത്തിന്റെ ശരിയായ അർത്ഥമേത്?

a. അളവ് b. മാറ്റം c. വ്യസനം d. വിവാഹം

3 (d) ഗഗനം - ഗഹനം ഈ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസമേത്?

a. ആകാശം - വാനം b. ആകാശം - ആഴമുള്ളത്

c. ആകാശം - സമുദ്രം d. ആകാശം - മാറ്റം

3 (e) ശരിയായ വിഗ്രഹാർത്ഥമേത്? 'പൂരിതാഭ'

a. പൂരിതവും ആഭയും b. പൂരിതത്തിന്റെ ആഭ

c. പൂരിതമായ ആഭ d. പൂരിതമായ താഭ

3 (f) സ്നേഹം - ഈ പദത്തിന്റെ നാനാർത്ഥമല്ലാത്തതേത്?

a. കറുപ്പ് b. ഇഷ്ടം c. ചുവപ്പ് d. എണ്ണ

3 (g) ഒറ്റപ്പദമെഴുതുക. 'ജനകന്റെ പുത്രി'

a. ജനകി b. ജനനി c. ജാനകി d. ജനയിത്രി

3 (h) ശരിയായി പിരിച്ചെഴുതുക. 'മധുരോദാരം'

a. മധുര + ദാരം b. മധുരോ + ദാരം c. മധുര + ഉദാരം d. മധുര + അദാരം

3 (i) 'നിർജ്ജീവം' ഈ പദത്തിന്റെ വിപരീതപദമേത്?

a. സജീവം b. ജീവം c. അജീവം d. ജൈവം

3 (j) അർത്ഥവ്യത്യാസമേത്? പരിമാണം - പരിണാമം

a. അളവ് - മാറ്റം b. മാറ്റം - അളവ് c. വിവാഹം - അളവ് d. അളവ് - വിവാഹം

**4. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം എഴുതുക** (9 x 2 = 18 Marks)

4 (a) i സ്വപ്നസമാനമായി എഴുത്തച്ഛൻ വിശേഷിപ്പിക്കുന്നത്

a. രാഗം b. കളത്രസുഖം c. ഭോഗം d. വിദ്യ

(ii) എഴുത്തച്ഛന്റെ ജീവിതകാലം?

a. 18-ാം നൂറ്റാണ്ട് b. 15 - ാം നൂറ്റാണ്ട് c. 16-ാം നൂറ്റാണ്ട് d. 14-ാം നൂറ്റാണ്ട്

4 (b) i 'ദിഷ്ടമീവടിവിയന്ന് ' - ഇവിടെ ദിഷ്ടമായി വിശേഷിപ്പിക്കുന്നതാരെ?

a. നളിനിയെ b. ദിവാകരനെ c. പനിനീർപ്പൂവിനെ d. സൂര്യനെ

ii ദിഷ്ടം എന്ന പദത്തിന്റെ അർത്ഥമാകുന്നത്?

a. ആകൃതി b. ഭാഗ്യം c. വിധി d. നിർഭാഗ്യം

4 (c) i 'കഷ്ടകാലം കഴിഞ്ഞു' - ആരുടെ ?

a. നളിനി b. ദിവാകരൻ c. കവി d. സന്യാസി

ii കഷ്ടകാലം കഴിയാൻ കാരണം ?

a. മകനെ കണ്ടതുകൊണ്ട് b. ദിവാകരനെ കണ്ടതിനാൽ

c. റേഡിയോ വാങ്ങിയതിനാൽ d. നളിനിയെ തിരിച്ചറിഞ്ഞതിനാൽ

4 (d) i പുഴയിലിറങ്ങിയപ്പോൾ വെള്ളായിയപ്പനെ തളർത്തിയത്?

a. അപ്പന്റെ ഓർമ്മ b. മകന്റെ ഓർമ്മ

d. കുളിയുടെ അനുഭവം c. കടത്തിന്റെ ഓർമ്മ

ii കാൽവണ്ണയെ തഴുകി കടന്നുപോയതാര്?

a. പുഴവെള്ളം b. ഇളംകാറ്റുകൾ c. പുഴമാലിന്യം d. പരൽമീനുകൾ

4 (e) i പണയമുതലിന് ചെമ്പുമത്തായി ഇട്ട നമ്പർ

a. 119 b. 191 c. 129 d. 128

ii പണയം എന്ന പാഠഭാഗം എഴുതിയത്?

a. സന്തോഷ് ഏച്ചിക്കാനം b. സന്തോഷ്കുമാർ. വി

c. ഇ. സന്തോഷ്കുമാർ d. വി. ആർ സുധീഷ്

4 (f) i 'ഇവരറിയുന്നീലെന്നഭിമാനം' - ആരുടെ?

a. പുള്ളുവനായ കവിയുടെ b. മഹാബലിയുടെ

c. ഉണ്ണികളുടെ d. കന്യകമാരുടെ

ii അഭിമാനത്തിന് കാരണമാകുന്നത്

a. ചിങ്ങം പിറന്നതിനാൽ b. മഹാബലിയ്ക്കൊപ്പം ഇരിക്കുന്നതിനാൽ

c. പ്രജകളെകണ്ടതിനാൽ d. സദ്യകഴിച്ചതിനാൽ

4 (g) i വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ് - ഇത് പറഞ്ഞതാര്?

a. വെള്ളായിയപ്പൻ b. കുട്ട്യാസൻമാപ്പിള

c. നീലിമണ്ണാത്തി d. കോടച്ചി

ii കടമെത്രയാണ്

a. പതിനഞ്ചുറുപ്പിക b. പതിനഞ്ച് അണ

c. പതിനഞ്ചുറുപ്പിക നാലണ d. പതിനാറ് രൂപ

4 (h) i 'കുഴഞ്ഞു മടങ്ങിയ കരവിരലോടെ' - നിൽക്കുന്നതാര്?

a. മുക്കുറ്റികൾ b. നെയ്യാമ്പലുകൾ c. തുമ്പകൾ d. കമുക്

ii വരികൾ ഉൾപ്പെടുന്ന കൃതി

a. ഓണമുറ്റത്ത് b. വിട c. കന്നിക്കൊയ്ത്ത് d. മകരക്കൊയ്ത്ത്

4 (i) i മോഹമാതാവ് ആരാണ്?

a. ആഗ്രഹം b. അവിദ്യ c. വിദ്യ d. ക്രോധം

ii വികാരിയും പരിണാമിയുമായത്

a. കായം b. കാമം c. ക്രോധം d. ലോഭം

4 (j) i നിജ കർമനീതരാകുന്നത്

a. വിവേകികൾ b. ശരീരികൾ c. അജ്ഞാനികൾ d. അവിവേകികൾ

ii നീതർ - പദത്തിന്റെ അർത്ഥം?

a. നനഞ്ഞവർ b. കഴിയുന്നത് c. നയിക്കപ്പെടുന്നവർ d. പുറപ്പെടുന്നവർ

5. **ബി വിഭാഗം / SECTION - B**

5 (a) **അംഗവാക്യം – അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** (2 x 1 = 2 Marks)

i. ഇരുണ്ടുതുടങ്ങുന്ന കരിമ്പനകൾക്ക് മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു.

ii. വെറും അരമണിക്കൂർ മുമ്പുമാത്രം അവിടുന്നുപോയ ചാക്കുണ്ണിയുണ്ട് പൂമുഖത്ത് വന്ന് നിൽക്കുന്നു.

5 (b) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** (2 x 1 = 2 Marks)

i. മുണ്ടുകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരൽ പിടിച്ച് കൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അതിശയത്തോടെ അത്ഭുതപ്പെട്ട മകനെ വെള്ളായിയവൻ ഓർത്തു.

ii. കാക്ക ഒരു ചിറകുള്ള പക്ഷിയാണ്.

5 (c) **പ്രയോഗം മാറ്റുക** (2 x 1 = 2 Marks)

i. ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെനോക്കി

ii. എന്നാൽ അവന്റെ അവസ്ഥയിൽ കരയപ്പെട്ടു.

5 (d) **ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക. (ഏതെങ്കിലും രണ്ട്)** (2x 1 = 2 Marks)

i. തൊണ്ടയിടറുക ii. ജന്മസിദ്ധി iii. പരിസമാപ്തി

6 (a) **താഴെകൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** (1X 5=5 Marks)

യുദ്ധം വരുത്തുന്ന വിനാശങ്ങൾ

OR

വിലവർദ്ധന എന്ന സാമൂഹിക വിപത്ത്

6 (b) ഭക്ഷ്യവസ്തുക്കളുടെ ക്ഷാമം മാറ്റാൻ ഉതകുന്ന പദ്ധതികളാവിഷ്ക്കരിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയ്ക്ക് മുഖ്യമന്ത്രിക്ക് തയ്യാറാക്കുക.

(1X 5=5 Marks)

6 (c) 'റോഡിൽ വലിച്ചെറിയുന്ന മാലിന്യങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ' ഈ വിഷയം സംബന്ധിച്ച് പത്രവാർത്ത തയ്യാറാക്കുക. (1X 4=4 Marks)

7 **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (2X 3=6 Marks)

7 (a) കടൽത്തീരത്ത് എന്ന കഥയിൽ പൊതിച്ചോറിനുള്ള പ്രാധാന്യമെന്ത്? വിവരിക്കുക.

7 (b) റേഡിയോ വാങ്ങാനായി ചാക്കുണ്ണി നിത്യജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.

7 (c) 'ചെമ്പ് മത്തായിക്ക് സ്വർണം ചോരേലുണ്ടായതാ' - ഇങ്ങനെ പറയാനിടയായ സാഹചര്യം?

8 **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (2X 3=6 Marks)

8 (a) ഓണം ദേശവൽക്കരിച്ചപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് വന്നിരിക്കുന്നത് എന്ന് വിശദീകരിക്കുക.

8 (b) 'ഭാവശാലികൾ പിരിഞ്ഞ് കൂടിയാ-
ലീവിധം വികലമാം സുഖോദയം' സന്ദർഭം ഏത്? ആശയവ്യക്തത വരുത്തി വിശദീകരിക്കുക.

8 (c) 'ക്രോധം പരിത്യജിക്കേണം ബുധജനം' - ഈ വരികളുടെ കാലിക പ്രസക്തി പരിശോധിക്കുക.

9 **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (2X 3=6 Marks)

9 (a) 'വിദ്യാധിരാജൻ' എന്ന വിശേഷണത്തിന് ചട്ടമ്പി സ്വാമികൾ അർഹനായതെങ്ങനെയെന്ന് വിവരിക്കുക.

9 (b) കുഞ്ഞന്റെ ബാല്യകാല ജീവിതം വിവരിക്കുക.

9 (c) കുഞ്ഞൻപിള്ള താൻ അന്വേഷിച്ചുനടന്ന ആത്മീയഗുരുവിനെ കണ്ടെത്തിയത് എങ്ങനെ ?

**********************